**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2183** | **20-01-2021 - ൽ മറുപടിയ്ക്ക്**

**ആശാവർക്കർമാരെ നിയമിക്കാനുള്ള നടപടി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. കെ. എസ്. ശബരീനാഥൻ** | | **Smt. K. K .Shailaja Teacher**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)** | |
| (എ) | ആരോഗ്യ വകുപ്പിന് കീഴിൽ നിയോഗിച്ചിട്ടുള്ള ആശാവർക്കർമാർ പല സ്ഥലങ്ങളിലും ജോലി ഉപേക്ഷിച്ചു പോയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്ത് ഇപ്പോൾ നിലനിൽക്കുന്ന പ്രത്യേക സാഹചര്യത്തിൽ ഇങ്ങനെ പോയവർക്ക് പകരം പുതിയ ആശാവർക്കർമാരെ നിയോഗിച്ചിട്ടില്ലെന്നുള്ള കാര്യം ഗൗരവമായി കാണുമോ; | (എ) | കേരളത്തിൽ 14 ജില്ലകളിലായി 26221 ആശമാർ പ്രവർത്തിച്ചു വരുന്നു. 2018 -19 ൽ ആശമാരെ "ഒരു വാർഡിനു ഒരു ആശ'' എന്ന നിലയിൽ പുനർ ക്രമീകരണം നടത്തിട്ടുണ്ട്. ഈ പ്രകാരം നിലവിലുള്ള വാർഡിനേക്കാൾ കൂടുതൽ ആശമാർ വന്നാൽ അവരെ മറ്റു വാർഡുകളിലേക്ക് മാറ്റുന്നതിനും കുറവ് ആശമാർ വന്നിട്ടുണ്ട് എങ്കിൽ അവിടെ പുതിയ ആശമാരെ തിരഞ്ഞെടുക്കുന്നതിനും ഉള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഒഴിവുള്ള സ്ഥലങ്ങളിൽ പരിശീലനം നൽകി ആശാവർക്കർമാരെ ഉടൻ നിയമിക്കാനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | ആശമാർ ഒഴിവുള്ള സ്ഥലങ്ങളിൽ പുതിയ ആശമാരെ തിരഞ്ഞെടുത്ത് പരിശീലനം നൽകുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ